# അതുല്യമായ ഫലസിദ്ധിക്ക് നൂറ്റെട്ടു നാമങ്ങൾ

പ്രൊഫ. കെ. വാസുദേവനുണ്ണി

ദേവീദേവന്മാരുടെ നാമങ്ങൾ ജപിക്കുകയാണ് കലിയുഗത്തിൽ ഏറ്റവും ഫലപ്രദമായ ഉപാസനരീതി എന്നത് എല്ലാവരും അംഗീകരിച്ച വസ്തുതയാണ്. അതിദിവ്യങ്ങളായ നൂറ്റെട്ടു നാമങ്ങൾ ഉൾക്കൊള്ളുന്ന സ്തോത്രങ്ങളാണ് അഷ്ടോത്തരശതനാമസ്തോത്രങ്ങൾ എന്നറിയപ്പെടുന്നത്. ഏറ്റവും സുഗമമായി, ഏതാനും മിനിട്ടുകൾ കൊണ്ട് ജപിക്കാവുന്നതാണ് ഈ സ്തോത്രങ്ങൾ. കഠിനനിഷ്ഠകളൊന്നും ആവശ്യമില്ലാത്ത ഇവ യാത്രയ്ക്കിടയിലും വെറുതെയിരിക്കുമ്പോഴുമൊക്കെ മനസ്സിൽ ജപിക്കാം. ജപസംഖ്യ ആയിരവും പതിനായിരവും ലക്ഷവുമൊക്കെ കടക്കുമ്പോൾ അത് ജീവിതത്തിനു നൽകുന്ന പുണ്യവും ശാന്തിയും ഐശ്വര്യവും അനുഭവിച്ചുതന്നെ അറിയേണ്ടതാണ്. ഈ ജപം ഒരു വലിയ നിക്ഷേപമാണ്. തനിക്കും കുടുംബത്തിനും വരുംതലമുറയ്ക്കുമൊക്കെ നന്മയും ഐശ്വര്യവും സമ്പത്തുമൊക്കെ നൽകുന്ന പുണ്യനിക്ഷേപം.

## ക്ഷേത്രദർശനവും അഷ്ടോത്തരജപവും

നമ്മുടെ ക്ഷേത്രങ്ങളിൽ അർച്ചനയും പുഷ്പാഞ്ജലിയും നടത്തുമ്പോൾ അഷ്ടോത്തര ശതനാമാവലിയാണ് ഏറ്റവുമധികം ജപിക്കപ്പെടുന്നത്. ക്ഷേത്രത്തിൽ വച്ചുള്ള അഷ്ടോത്തരജപത്തിന് അതീവവൈശിഷ്ട്യം കല്പിക്കപ്പെടുന്നുണ്ട്.

ശിവസ്യാഷ്ടോത്തരശതം നാമ പുണ്യമിദം മഹത്
ഭക്തിതോ യഃ പഠേന്മർത്ത്യഃ ശിവക്ഷേത്ര സ്ഥിതഃ ശുചിഃ

ശിവക്ഷേത്രത്തിലെ അഷ്ടോത്തരജപത്തെക്കുറിച്ച് ഇങ്ങനെയാണു പറയുന്നത്. ഇത്തരത്തിൽത്തന്നെ മറ്റു ദേവതാക്ഷേത്രങ്ങളിലെ അഷ്ടോത്തരജപത്തെക്കുറിച്ചും പറയുന്നുണ്ട്. അഷ്ടോത്തരം ജപിച്ച് മന്ദം മന്ദം പ്രദക്ഷിണം ചെയ്ത് ക്ഷേത്രത്തിൽ അർച്ചന കഴിപ്പിച്ചാൽ ഫലം ഇരട്ടിയാണെന്നാണ് അനുഭവം.

## പ്രത്യേക ഫലസിദ്ധിക്ക് ഒരു ആരാധനാക്രമം

നാം പലപ്പോഴും പ്രത്യേക കാര്യസാധ്യങ്ങൾക്കായി ക്ഷേത്രങ്ങളിൽ വഴിപാടുകൾ നടത്താറുണ്ട്. വെറും 'വഴിപാടു' പോലെയുള്ള മനോഭാവത്തോടെയാവും ഇത്തരം കർമ്മങ്ങൾ പലരും നടത്തുക. അതുകൊണ്ടുതന്നെ ചിലപ്പോൾ ഫലസിദ്ധിയുമുണ്ടാകില്ല. കൃത്യമായിത്തന്നെ ഫലസിദ്ധി കൈവരിക്കാൻ സഹായിക്കുന്ന ഒരു ആരാധനാകർമ്മം ഇവിടെ പറയാം. ഓരോരുത്തരുടെയും സൗകര്യം, സാഹചര്യം, അർപ്പണബോധം എന്നിവയനുസരിച്ച് 21, 41, 108 എന്നിങ്ങനെ ഏതെങ്കിലും നിശ്ചിത ദിവസങ്ങൾ ഈ കർമ്മത്തിനായി തെരഞ്ഞെടുക്കുക. ഒരു ശുഭദിവസം പുലർച്ചെ കുളിച്ച് ശുഭവസ്ത്രങ്ങൾ ധരിച്ച് നിലവിളക്കു കൊളുത്തി ഗണപതിയെ പ്രാർത്ഥിക്കുക. ഗണപതിഹോമം നടത്താൻ സാഹചര്യമുണ്ടെങ്കിൽ അങ്ങനെയുമാകാം. അതിനു ശേഷം തനിക്ക് ആത്മബന്ധമുള്ള ക്ഷേത്രത്തിലെ ദേവതയുടെ അഷ്ടോത്തരം ആ ദേവതയെ വ്യക്തമായി മനസ്സിൽ ഭാവന ചെയ്ത് ജപിക്കുക. ആ ക്ഷേത്രത്തിൽ മന്ദമായി പ്രദക്ഷിണം ചെയ്തു തൊഴുന്നതായി സങ്കല്പിച്ചുവേണം അഷ്ടോത്തരം ജപിക്കാൻ. ഓരോ ദിവസവും കഴിയുന്നത്ര തവണ ജപിക്കുക. ഓരോ തവണ അഷ്ടോത്തരജപം പര്യവസാനിക്കുമ്പോൾ ഒരു നാണയം ശുദ്ധമായ ഒരു പാത്രത്തിൽ ഇട്ടു സൂക്ഷിക്കുക. ഒരു ദിവസം എത്രതവണ ജപിക്കുന്നുവോ അത്രയും തവണ തന്നെയോ, ക്രമമായി എണ്ണം കൂട്ടിയോ തുടർന്നുള്ള ദിവസങ്ങളിലും ജപിക്കാം. ഇങ്ങനെ നിശ്ചിത ദിവസങ്ങൾ കഴിയുമ്പോൾ ക്ഷേത്രത്തിൽ ദർശനം നടത്തി അഷ്ടോത്തരം ജപിച്ച് പ്രദക്ഷിണം വച്ചു തൊഴുത് അർച്ചന കഴിപ്പിച്ച്, നാണയങ്ങൾ സമർപ്പിച്ച് കർമ്മം അവസാനിപ്പിക്കാം. അനേകർക്ക് ഫലസിദ്ധിയേകിയ ഒരു കർമ്മമാണിത്. തിരുപ്പതി, പളനി, മൂകാംബിക തുടങ്ങിയ ക്ഷേത്രങ്ങളിൽ ഇത്തരത്തിൽ ദർശനം നടത്തുന്നത് പരക്കെയുള്ള രീതിയാണ്. ദുഃഖങ്ങളുടെയും പ്രതിസന്ധികളുടെയും കാലത്ത് എല്ലാം ഇഷ്ടദേവതയിൽ സമർപ്പിച്ച് ഈ കർമ്മം അനുഷ്ഠിച്ചുനോക്കൂ. കൃത്യമായി ഫലസിദ്ധിയുണ്ടാകും എന്നതാണനുഭവം.

**അർത്ഥം മനസ്സിലാക്കിയുള്ള ജപം**

ഓരോ നാമത്തിന്റെയും സാമാന്യമായ അർത്ഥമെങ്കിലും മനസ്സിലാക്കിവേണം ജപിക്കുവാൻ. ഓരോ നാമം ജപിക്കുമ്പോഴും അതിന്റെ അർത്ഥം മനസ്സിൽ തെളിഞ്ഞുവരണം. ഉദാഹരണം ശിവന്റെ മൃഡഃ എന്ന നാമമെടുക്കുക. 'സുഖത്തെ നൽകുന്നവൻ' എന്നതാണ് ആ നാമത്തിന്റെ സാമാന്യമായ അർത്ഥം. ആ നാമം ജപിക്കുമ്പോൾ ആ അർത്ഥവും മനസ്സിലെത്തണം. ഇത് ഉപാസനയെ അത്യധികം ഫലപ്രദമാക്കും. എന്നാൽ നാമാർത്ഥങ്ങളുടെ ആഴങ്ങളിലേക്കും അതിവാഖ്യാനങ്ങളിലേക്കും പാണ്ഡിത്യപ്രകടനങ്ങളിലേക്കുമൊന്നും ഒരു ഭക്തൻ പോകേണ്ട ആവശ്യമില്ല എന്നതും മനസ്സിലാക്കേണ്ടതാണ്.

നാമങ്ങളുടെ ശക്തി അപാരമാണ്, അത്ഭുതകരമാണ്. ഈ ലേഖകൻ ഗുരുതുല്യനായി കണക്കാക്കിയിരുന്ന ഒരു വർമ്മസാറുണ്ടായിരുന്നു. ജ്യോതിഷ, ആധ്യാത്മിക രംഗങ്ങളിൽ അഗാധപണ്ഡിതൻ. അദ്ദേഹം പറയും: 'അല്പമെങ്കിലും ഭക്തിയും വിശ്വാസമുള്ളവർക്ക് അഷ്ടോത്തരജപം നിർദ്ദേശിക്കുക. തുടങ്ങിക്കഴിഞ്ഞാൽ അതു ജപിക്കണമെന്ന താത്പര്യം കൂടിക്കൂടി വരും. ജപസംഖ്യ കൂടുന്തോറും ഫലസിദ്ധിയും വർദ്ധിക്കും. ഇലയും കത്രികയും പോലെ അഷ്ടോത്തരം ഫലം നൽകും.' അദ്ദേഹത്തിന്റെ പ്രയോഗമായിരുന്നു ഇലയും കത്രികയും പോലെ എന്നത്.

മിക്കവാറും ക്ഷേത്രങ്ങളിൽ അഷ്ടോത്തര ശതനാമാവലി എഴുതി പ്രദർശിപ്പിച്ചു കാണാറുണ്ട്. സ്തോത്രരൂപത്തിൽ എഴുതി പ്രദർശിപ്പിച്ചു കാണാറില്ല. സ്തോത്രരൂപത്തിലുള്ളതാണ് നിത്യജപത്തിന് ഉത്തമം. നാമാവലി അർച്ചനയിലും മറ്റുമാണ് ഉപയോഗിക്കാറുള്ളത്. ചില ക്ഷേത്രങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള നാമാവലികളിൽ പല തെറ്റുകളും കടന്നുകൂടിയിട്ടുള്ളതും ഈ ലേഖകന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശുദ്ധപാഠം പഠിക്കുന്നതാണ് എപ്പോഴും നല്ലത്. നാമജപത്തിന്റെ അതുല്യമായ ലോകത്തേക്ക് ഒന്നു കടന്നുനോക്കൂ. ജീവിതം ഈശ്വരാധീനം നിറഞ്ഞതാകുന്നത് അനുഭവിച്ചുതന്നെ അറിയാൻ കഴിയും.